**Volume 06**
**Issue 40**
**01 May, 2016**

**Uyirpukalam VI**

**Is 52:7-12**
**Act 10:9-16**
**Eph 2:11-22**
**Jn 17: 20-26**

Rev Bro
Sachin
Padinjarekaduppil



# EMMAUS VACHANADOOTH

## പരസ്പരം ഐക്യപ്പെടുക, സ്നേഹിക്കുക

ഉയർപ്പുകാലത്തിന്റെ ആറാം ഞായറാഴ്ചയിലേക്കു കടക്കുന്ന അവസരത്തിൽ സഭ വിചിന്തം ചെയ്യാനും ധ്യാനിക്കുവാനും വചനമനുസരിച്ച് ജീവിക്കുവാനും നമുക്കു നൽകുക വി. യോഹന്നാന്റെ സുവിശേഷം 17 അദ്ധ്യായം 20 മുതൽ 26 വരെയുള്ള വചനഭാഗമാണ്.

എപ്പോഴും യേശുവിന്റെ പ്രബോധനങ്ങളും അത്ഭുതങ്ങളും യേശുവിന്റെ യാത്രകളും യാത്രയിൽ താൻ കണ്ടുമുട്ടുന്ന വ്യക്തികളെയുമൊക്കെയാണ് വചനമായി യേശു നമുടെ ഹൃദയങ്ങളിലേയ്ക്കു കടന്നു വരിക. എന്നാൽ ഇന്നത്തെ വചനഭാഗം മറ്റു സംഭവങ്ങളിൽ നിന്നും തീർത്തും വിത്യസ്ഥമായി നിൽക്കുകയാണ്. യേശു പിതാവുമായി പ്രാർത്ഥിക്കുന്ന രംഗമാണ് സുവിശേഷങ്ങളിലൂടെ നമുക്ക് കാണുവാൻ സാധിക്കുക. എപ്പോഴും പിതാവുമായി ഒന്നായി തീർന്ന് സ്വർഗ്ഗീയ പിതാവുമായി ഐക്യപ്പെട്ട് പിതാവിനോട് ശിഷ്യൻമാർക്കു വേണ്ടിയും നമുക്കുവേണ്ടിയും അവൻ പ്രാർത്ഥിക്കുന്നു. യോഹന്നാന്റെ സുവിശേഷത്തിന്റെ 17-ാം അദ്ധ്യായം. അത് രണ്ടായിട്ടാണ് യോഹന്നാൻ അവതരിപ്പിക്കുക. ആദ്യത്തെഭാഗം ശിഷ്യൻമാർക്കുവേണ്ടിയും രണ്ടാമത്തെ ഭാഗം ദൈവജനത്തിനുവേണ്ടിയും പ്രാർത്ഥിക്കുക.

പുത്രനായ യേശു തകർന്നുപോയ ദൈവമനുഷ്യബന്ധം പുനസ്ഥാപിക്കുവാൻ സ്വയം ശൂന്യനായി നമ്മുടെ പാപത്തിന്റെ കറ നീക്കുവാൻ സഹനത്തിന്റെ കാസ കുടിച്ച് തന്നെതന്നെ മുറിച്ചു നൽകിക്കൊണ്ട് അവിടുന്നു നമ്മെ രക്ഷിച്ചു. പാപത്തിന്റെ കറകളിൽ നിന്നും രക്ഷിക്കുക മാത്രമായിരുന്നില്ല അവന്റെ ലക്ഷ്യം. പിതാവിൽ പുത്രൻ ഐക്യപ്പെട്ടു നിൽക്കുന്നതുപോലെ പുത്രനിൽ താൻ തന്റെ ശരീരം കൊണ്ട് രക്ഷിച്ചവർ എല്ലാവരും ഐക്യപ്പെടാൻ ഒന്നായി തീരുവാൻ വേണ്ടി അവിടുന്നു നിരന്തരം പ്രാർത്ഥിക്കുകയാണ് പിതാവായ ദൈവത്തോട്.

രണ്ടേ രണ്ടു കാര്യങ്ങൾക്കുവേണ്ടിയാണ് യേശു തന്റെ പിതാവിനോട് പ്രാർത്ഥിക്കുക. ഞാനും പിതാവും ഐക്യപ്പെടുന്നതുപോലെ നിങ്ങളും പിതാവിൽ ഐക്യപ്പെടുക. രണ്ടാമത് നിങ്ങൾ പരസ്പരം സ്നേഹിക്കുവിൻ. ഈ രണ്ടു കാര്യങ്ങൾക്കു വേണ്ടിയാണ് ക്രിസ്തു പിതാവിനോട് പ്രാർത്ഥിക്കുക.

യോഹന്നാൻ 8-29 അവിടുന്ന് എന്നെ തനിയെ വിട്ടിരിക്കുകയല്ല കാരണം ഞാൻ എപ്പോഴും അവിടുത്തേയ്ക്കു ഇഷ്ടമുള്ളത് ചെയ്യുന്നു.

പിതാവുമായി ഐക്യപ്പെടുക എന്നു പറഞ്ഞാൽ പിതാവ് ഇഷ്ടപ്പെടുന്നത് ചെയ്യുകയും ഹിത പ്രകാരം ജീവിക്കുക എന്നുള്ളതുമാണ്. ദൈവത്തി ന് തകർന്നുപോയ ബന്ധങ്ങളെ ര ക്ഷിക്കണമെന്ന് ആഗ്രഹമുണ്ടായിരുന്നു. പുത്രൻ തന്നെതന്നെ ന ൽകി പിതാവിന്റെ ആ ഗ്രഹം പൂർത്തികരിച്ചു. ദൈവം ചിന്തിക്കുകയും പുത്രൻ പ്രവൃത്തിയിലൂടെ പൂ ർത്തികരിക്കുകയും ചെയ്യുന്നു. നമുക്ക് അറിയാം ഏത് കളികളിലും കളിക്കാർ തമ്മിലുള്ള ഐക ്യമാണ് കളിയെ മുന്നോട്ട് നയിക്കുക. ഉദാഹരണത്തിന് ബാസ്ക്കറ്റ് ബോൾ കളിക്കുമ്പോൾ പ രസ്പരം പാസ്ചെയ്യുക എന്നത് ആരും പ്രതീക്ഷിക്കാത്ത വിധത്തിൽ എതിർ ടീം അംഗങ്ങളെ വെട്ടിച്ച് പാസ് കൊടുക്കണമെങ്കിൽ പാസ് കൊടുക്കുന്ന ആളും പാസ് സ്വീകരിക്കുന്ന ആളും തമ്മിൽ ഒരു ഐക്യമുണ്ടാകണം. അവർക്കേ വിജയത്തിലേയ്ക്കു കളിയെ കൊണ്ടുപോകാൻ പ റ്റൂ.

നാം പ്രാർത്ഥിക്കുമ്പോൾ പലപ്പോഴും നമ്മുടെ സ്വാർത്ഥ മോഹങ്ങൾക്കുവേണ്ടിയും നമ്മുടെ നല്ല സുഖ ജീവിതങ്ങൾക്കുവേണ്ടിയാണ് നാം പ്രാർത്ഥിക്കുന്നത്. ഒരിക്കലും നാം പി താവ് ആഗ്രഹിക്കുന്നതുപോലെ ജീവിക്കാനുള്ള കൃപയ്ക്കുവേണ്ടി നാം പ്രാർത്ഥിക്കാറില്ല. മാതാപിതാക്കൾ ആഗ്രഹിക്കുന്നതുപോലെ മക്കൾ ജീവിക്കുന്നില്ല. മക്കൾ ആഗ്രഹിക്കുന്നതുപേ ാലെ മാതാപിതാക്കൾ അവർക്കു നല്ല അപ്പനും അമ്മയും ആയിത്തീരുന്നില്ല. ഇതുകൊണ്ടാണ് ആറ്റിങ്ങലിൽ നടന്ന കൊലപാതകം. അമ്മയും കുഞ്ഞിനെയും കുറിച്ച് ദൈവത്തിന് ഒരു പ ദ്ധതിയുണ്ടായിരുന്നു. എന്നാൽ ആ അമ്മയ്ക്ക് ദൈവവുമായും മനുഷ്യനുമായും പരസ്പരം ഐക്യപെടാത്തതുമൂലം ദൈവപദ്ധതിക്കെതിരെ ഏറ്റവും ക്രൂരവും പൈശാചികവുമായ രീതിയിൽ ആ അമ്മ സ്വന്തം കുഞ്ഞിനെ കൊല്ലാൻ വരെ തന്റെ കാമുകന്റെ കൈയിൽ വിട്ടുകൊടുക്കുക. മനു,ഷ്യനും ദൈവവുമായും ഐക്യപെട്ടു ജീവിച്ചില്ലെങ്കിൽ ഇതുപോലുള്ള ഞെട്ടിപ്പിക്കുന്ന വാർത്തകൾ അനുദിനം നമ്മുടെ പ ത്രമാധ്യമങ്ങളിൽ നിറഞ്ഞുനിൽക്കും എന്നുള്ള സത്യം നമ്മുക്ക് മറക്കാതിരിക്കാം.

യേശു നമ്മുക്കുവേണ്ടി രണ്ടാമതായി പ്രാർത്ഥിക്കുക പരസ്പരം സ്നേഹമുള്ളവരായി തീരുവാൻ വേണ്ടിയാണ്. നാം ജീവിക്കുന്ന കാലഘട്ടത്തിൽ കൂടുതൽ ഇടുങ്ങിയ ചിന്താഗതിയുള്ള കാലഘട്ടത്തിലാണ്. പരസ്പരം സ്നേഹം എന്നുള്ള വസ്തുത വളരെ വിരളമായിക്കൊണ്ടിരിക്കുകയാണ്. മനുഷ്യരായ നമ്മൾ പലപ്പോഴും നമ്മുടെ വാർത്തകൾകൊ ണ്ട് നിങ്ങൾ പരസ്പരം സ്നേഹിക്കുക എന്നുള്ള യേശുവിന്റെ അവസാന കല്പനയെ മനുഷ്യരെ സ്നേഹിക്കുന്നതു മാത്രമായി ചുരുക്കി. അതിലുപരി ദൈവം ആഗ്രഹിച്ചത് ഉൽപ ത്തി പുസ്തകത്തിന്റെ ആദ്യ ഭാഗങ്ങളിൽ നമ്മുക്ക് കാണാൻ സാധിക്കും. സൃഷ്ടിച്ചതെല്ലാം നല്ലത് എന്നു കണ്ട ദൈവം സൃഷ്ടിക്കുന്നതിനു മുൻപേ ദൈവം എല്ലാം സൃഷ്ടികളെയും സ്നേഹിക്കുകയായിരുന്നു.

പഴയനിയമത്തെയും പുതിയ നിയമത്തെയും നോക്കി ഈശോ അവസാനമായി പ റയുന്നതും ഒന്നു മാത്രമാണ്. “നിങ്ങൾ പരസ്പരം സ്നേഹിക്കുവിൻ” എന്ന്.

ഇന്ന് നാം അർപ്പിക്കുന്ന വി.കുർബാന സ്നേഹത്തിന്റെ കൂദാശയാണ്. അതുപോലെതന്നെ ഇത് ഐക്യത്തിന്റെയും കൂദാശയാണ്. യേശു പറയുന്നു "നീ ബലിയർപ്പിക്കുവാൻ വരുമ്പോൾ നിനക്ക് ആരോടെങ്കിലും എന്തെങ്കിലും നീരസമുണ്ടെങ്കിൽ ബലി വസ്തു അവിടെ വച്ച് സഹോദരനുമായി രമ്യപ്പെടുക. പിന്നെ വന്ന് ബലിയർപ്പിക്കുക." വി കുർബാനയ്ക്കുവേണ്ടി നാം അണയുമ്പോൾ നമുക്കുവേണ്ട യോഗ്യതയാണ് ഐക്യവും പരസ്പരസ്നേഹവും. ഇതിനുവേണ്ടിയാണ് പിതാവായ ദൈവത്തോട് യേശു ഗാഢമായി പ്രാർത്ഥിക്കുന്നത്. ഈ കൃപയ്ക്കുവേണ്ടി നമ്മുക്കും നമ്മുടേതായ നിയോഗങ്ങൾ സമർപ്പിച്ച് ഈ ബലിയിൽ പ്രാർത്ഥിക്കാം. ദൈവം നമ്മെ എല്ലാവരെയും അനുഗ്രഹിക്കട്ടെ.